## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3108 15.02.2013 ൽ മറുപടിക്ക്

**ബിഭുകുമാർ കമ്മീഷൻ റിപ്പോർട്ട്**

| ചോദ്യം<br>ശ്രീ. മോൻസ് ജോസഫ് | ഉത്തരം<br>ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ്മന്ത്രി ) |
|---|---|
| (എ) സപ്ലൈകോയിലെ പ്രശ്നങ്ങൾ പഠിക്കുവാൻ നിയോഗിച്ച ബിഭുകുമാർകമ്മീഷൻ റിപ്പോർട്ടിന്മേൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) വിഭുകുമാർ കമ്മീഷൻ എന്ന പേരിൽ ഒരു കമ്മീഷൻ ഇല്ല. സപ്ലൈകോ ഹെഡ് ഓഫീസിലെ മാനേജർ തസ്തികയിൽ ജോലി ചെയ്യുന്ന വിഭുകുമാർ എന്ന ഉദ്യോഗസ്ഥനെ, നിലവിലുള്ള ഡെപ്യൂട്ടേഷൻ വ്യവസ്ഥകളിലെ പ്രശ്നങ്ങൾ പരിശോധിച്ചു റിപ്പോർട്ടു നൽകുവാൻ നിയോഗിച്ചിട്ടുണ്ടായിരുന്നു. |
| (ബി) സിവിൽ സപ്ലൈസ് കോർപ്പറേഷനും,ഡിപ്പാർട്ടുമെന്റും തമ്മിൽ ബൈഫർക്കേഷന് ഉദ്ദേശിക്കുന്നുണ്ടോ; ഡെപ്യൂട്ടേഷൻ വ്യവസ്ഥ ഒഴിവാക്കുവാൻ നടപടി സ്വീകരിച്ച് തുടങ്ങിയോ; ഘട്ടം ഘട്ടമായി ഡെപ്യൂട്ടേഷൻ ഒഴിവാക്കുന്നതിനേക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; | (ബി) നിലവിലുള്ള ഡെപ്യൂട്ടേഷൻ വ്യവസ്ഥ പുനരവലോകനം ചെയ്യുന്നതിനായി വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ പ്രാഥമിക ചർച്ച നടത്തിയിട്ടുണ്ട്. |
| (സി) 2013 ഏപ്രിൽ വരെ സപ്ലൈകോയിൽ എത്ര ജൂനിയർ അസിസ്റ്റന്റ് തസ്തിക ഏത് അനുപാതത്തിലാണ് അനുവദിച്ചിരിക്കുന്നത്; | (സി) നിലവിൽ 729 ജൂനിയർ അസിസ്റ്റന്റ് തസ്തികകൾ ഉള്ളതിൽ 400 ഡെപ്യൂട്ടേഷൻ ജീവനക്കാരും 329 കോർപ്പറേഷൻ ജീവനക്കാരും ഉണ്ട്. |

| | |
|---|---|
| (ഡി) അസിസ്റ്റന്റ് സെയിൽസ്മാൻ മാരുടെ പ്രൊമോഷൻ ലിസ്റ്റ് വന്ന ശേഷം ഡെപ്യൂട്ടേഷൻ വ്യവസ്ഥ യിൽ എൽ.ഡി.ക്ലർക്ക്മാരെ സപ്ലൈകോയിൽ നിയമിച്ചിട്ടു ണ്ടോ; എങ്കിൽ എത്രപേരെ നിയമിച്ചു; | (ഡി) ഉണ്ട്. 44 പേരെ നിയമിച്ചു. |
| (ഇ) സപ്ലൈകോ ജീവനക്കാർക്ക്, കോൺട്രിബ്യൂട്ടറി പെൻഷൻ സമ്പ്രദായം നടപ്പാക്കുവാൻ ഉദ്ദേ ശിക്കുന്നുണ്ടോ; ഇതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ; | (ഇ) ഇല്ല. |
| (എഫ്) പുതിയ ഔട്ട്ലെറ്റുകൾ അനുവദിച്ചതിന്റെ ഫലമായി ഉണ്ടാ യിരിക്കുന്ന ജൂനിയർ അസിസ്റ്റന്റ് വേക്കൻസികളിൽ കോടതിയിൽ കേസുകൾ നിലവിലുണ്ടോ; പ്രസ്തുത കേസുകൾ വേഗത്തിൽ തീർക്കുന്നതിന് നടപടി സ്വീകരി ക്കുമോ ? | (എഫ്) ഇല്ല. |

സെക്ഷൻ ഓഫീസർ